മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ആഗസ്റ്റ് 11

# വാർത്താക്കുറിപ്പ്

---

## ആംഗ്യഭാഷാ പരിശീലന കോഴ്സ്

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് ഇൻ ലേണിംഗ് ഡിസെബിലിറ്റീസ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ദശദിന ആംഗ്യഭാഷാ പരിശീലന കോഴ്സ് ആരംഭിക്കുന്നു. ഭിന്നശേഷി വിഭാഗങ്ങളുടെ വിദ്യാഭ്യാസ പുരധിവാസ പ്രവർത്തനങ്ങളിൽ ഇടപെടുന്ന അധ്യാപകർ, രക്ഷിതാക്കൾ, വിദ്യാർത്ഥികൾ, ഗവേഷകർ, സോഷ്യൽ വർക്കേഴ്സ് എന്നിവർക്ക് പങ്കെടുക്കാം. ആഗസ്റ്റ് 25 മുതൽ സെപ്റ്റംബർ നാല് വരെ നടക്കുന്ന പരിശീലന കോഴ്സിന്റെ ക്ലാസുകൾ ഓൺലൈൻ/ ഓഫ്ലൈൻ രീതിയിലായിരിക്കും. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും 9207398541 എന്ന നമ്പറിൽ ബന്ധപ്പെടുക.

(പി.ആർ.ഒ./39/1130/2022)

## എം.ജി. സ്പോർട്ട്സ് സ്കോളർഷിപ്പിന് അപേക്ഷിക്കാം

എം.ജി. സർവ്വകലാശാല സ്പോർട്ട്സ് സ്കോളർഷിപ്പ് 2020-2021, 2021-22 ലേക്കുള്ള അപേക്ഷ ക്ഷണിച്ചു. പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയ നിശ്ചിത ഫോമിലുള്ള അപേക്ഷ സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം സെപ്റ്റംബർ ആറിന് മുൻപായി സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്ട് സയൻസിന്റെ ഓഫീസിൽ എത്തിക്കണം. അപേക്ഷഫോം സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

(പി.ആർ.ഒ./39/1131/2022)

## സീറ്റൊഴിവ്

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് സോഷ്യൽ സയൻസസിൽ എം.എ. ആന്ത്രോപോളജി കോഴ്സിൽ ഒഴിവുള്ള സീറ്റുകളിലേക്ക് പ്രവേശനം ആഗ്രഹിക്കുന്നവർ ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുമായി ആഗസ്റ്റ് 16 ന് 11 മണിക്ക് പുല്ലേരിക്കുന്നിലുള്ള വകുപ്പ് ഓഫീസിൽ എത്തേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0481-2392383.

(പി.ആർ.ഒ./39/1132/2022)

## വൈവാ വോസി

ഒന്നാം സെമസ്റ്റർ എം.എസ്.ഡബ്ല്യൂ. (2021 അഡ്മിഷൻ - റഗുലർ /2019, 2020 അഡ്മിഷൻ - സപ്ലിമെന്ററി/ ഇംപ്രൂവ്മെന്റ്) ജൂലൈ 2022 പരീക്ഷയുടെ ഫീൽഡ് വർക്ക് വൈവ വോസി പരീക്ഷ ആഗസ്റ്റ് 16 മുതൽ അതത് കോളേജുകളിൽ വച്ച് നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1133/2022)

മൂന്നാം സെമസ്റ്റർ എം.എഡ്. (2020 അഡ്മിഷൻ - റഗുലർ / 2019 അഡ്മിഷൻ - സപ്ലിമെന്ററി - രണ്ട് വർഷ കോഴ്സ്) ജൂലൈ 2022 പരീക്ഷയുടെ വൈവാ വോസി പരീക്ഷ ആഗസ്റ്റ് 23 മുതൽ 31 വരെ മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ വച്ച് നടത്തും. വിദ്യാർത്ഥികൾ ഹാൾടിക്കറ്റ്, തീസീസിന്റെ രണ്ട് കോപ്പികൾ സഹിതം പരീക്ഷക്ക് ഹാജരാകേണ്ടതാണ്. ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1134/2022)

## പ്രാക്ടിക്കൽ പരീക്ഷ

രണ്ടാം സെമസ്റ്റർ ബി.വോക് ബിസിനസ് അക്കൗണ്ടിംഗ് ആന്റ് ടാക്സേഷൻ, അപ്ലൈഡ് അക്കൗണ്ടിംഗ് ആന്റ് ടാക്സേഷൻ (പുതിയ സ്കീം - 2020 അഡ്മിഷൻ - റഗുലർ / 2019, 2018 അഡ്മിഷൻ - റീ-അപ്പിയറൻസ് / ഇംപ്രൂവ്മെന്റ്) ജൂലൈ 2022 പരീക്ഷയുടെ മാറ്റി വച്ച പ്രായോഗിക പരീക്ഷകൾ (എ.ഒ.സി.) അതത് കേന്ദ്രങ്ങളിൽ വച്ച് ആഗസ്റ്റ് 16 മുതൽ 19 വരെ നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1135/2022)

**അനിൽകുമാർ ജി.**

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**